(ഇ) ഉണ്ട്.

(എഫ്) ഉദിക്കുന്നില്ല.

പാലമേൽ വില്ലേജിൽ അശാസ്ത്രീയമായി ഉൾപ്പെട്ട നൂറനാട് വില്ലേജിന്റെ ഭൂമി

91 [2155] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര താലൂക്കിൽ പന്തളം മണ്ഡലത്തിൽപ്പെട്ട പാലമേൽ, നൂറനാട് വില്ലേജുകളുടെ ഭൂപടം ലഭ്യമാക്കുമോ;

(ബി) ഇതിൽ നൂറനാട് വില്ലേജിലെ കിഴക്കുംകരിയിലെ ഏലിയാസ് നഗറിലെ വളരെ കുറച്ച് ഭാഗം ഭൂമി അശാസ്ത്രീയമായി പാലമേൽ വില്ലേജിൽ ഉൾപ്പെട്ട് കിടക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ നൂറനാട് പഞ്ചായത്തിനകത്തും വില്ലേജിലും ഉൾപ്പെടേണ്ടതായ ഈ പ്രദേശം നൂറനാട് വില്ലേജിൽ ഉൾപ്പെടുത്തുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കുമോ;

(ഡി) ഇതു സംബന്ധിച്ച് അപേക്ഷയിൻമേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) നടപടിക്രമമനുസരിച്ച് ഇത്തരം ഭൂപടങ്ങൾ താലൂക്കാഫീസ് മുഖേനയാണ് ലഭ്യമാക്കേണ്ടത്.

(ബി) ഉണ്ട്.

(സി ആന്റ് ഡി) സംസ്ഥാനത്തെ വില്ലേജുകളുടേയും താലൂക്കുകളുടേയും അതിർത്തി പുനർനിർണ്ണയം സംബന്ധിച്ച് സർക്കാർ പഠനം നടത്തി വരികയാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്.

സർവ്വേ റിക്കാർഡിൽ വന്നിട്ടുള്ള തെറ്റ് തിരുത്തിക്കിട്ടുന്നതിന് നടപടി

92 [2156] ശ്രീ. ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോലിയക്കോട് വില്ലേജിൽ മൺവിള മുകൾ വീട്ടിൽ സെൽവരാജൻ എന്നയാൾ സർവ്വേ റിക്കാർഡിൽ വന്നിട്ടുള്ള തെറ്റ് തിരുത്തിക്കിട്ടുന്നതിന് നെടുമങ്ങാട് സർവ്വേ സൂപ്രണ്ട് ആഫീസിൽ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

LIBRARY ARCHIVES Kerala Legislative Assembly